(ഡി) സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളായ നികുതി, നികുതിയേതര വരുമാനം, കേന്ദ്ര നികുതി വിഹിതം, കേന്ദ്രസഹായം, ലോണുകളും മാർക്കറ്റ് ബോറോയിങ്ങുകളും എന്നിവ സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളായ ശമ്പളം, പെൻഷൻ, പലിശ എന്നിവയേക്കാൾ കൂടുതലാണ്.

(ഇ) 1-12-2004-ൽ സംസ്ഥാന സർക്കാർ 34.06 കോടി രൂപ വേയ്സ് ആന്റ് മീൻസ് അഡ്വാൻസിലായിരുന്നു.

സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവസമാഹരണം

3 [177] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03, 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവസമാഹരണമായി എത്ര തുകയാണ് വിഭാവനം ചെയ്തിരുന്നത്; ഇതിൽ ഓരോ വർഷവും എത്ര തുക പിരിച്ചെടുത്തു;

(ബി) ആഭ്യന്തര വിഭവ സമാഹരണത്തിൽ പ്രസ്തുത മൂന്നു വർഷങ്ങളിൽ, ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തേക്ക് വിഭാവനം ചെയ്തിരുന്ന ആഭ്യന്തര വിഭവസമാഹരണം എത്രയായിരുന്നു; ഇതിൽ 2005 ജനുവരി 15 വരെ എത്ര തുക സമാഹരിച്ചെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആഭ്യന്തര വിഭവ സമാഹരണമായി 2002-03-ൽ 8425.99 കോടി രൂപയും 2003-04-ൽ 9451.79 കോടി രൂപയും 2004-05-ൽ 10710.64 കോടി രൂപയും ആണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 2002-03-ൽ 7983.80 കോടി രൂപയും 2003-04-ൽ 8903.45 കോടി രൂപയും 2004-05-ൽ എ.ജി.-യുടെ 30-11-2004 വരെയുള്ള താല്ക്കാലിക കണക്കുപ്രകാരം 5852.53 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ 5 ശതമാനത്തിന് മേൽ കുറവു വന്നിട്ടുണ്ട്. പ്രധാനമായും വിൽപ്പന നികുതിയിലും എക്സൈസിലും വന്ന കുറവുമൂലമാണ്.

(സി) 10710.64 കോടി രൂപയാണ് ആഭ്യന്തര വിഭവ സമാഹരണം ആയി വിഭാവനം ചെയ്തിരുന്നത്. 30-11-2004 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ എ. ജി. ലഭ്യമാക്കിയിട്ടുള്ളൂ. ആയത് 5852 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly